# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 76 12.06.2013 -ൽ മറുപടിയ്ക്ക്

### പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

(എ) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(എ) & (ബി) ഉണ്ട്. കേരളത്തിൽ സർക്കാർ തലത്തിൽ 5 മെഡിക്കൽ കോളേജുകളും സ്വകാര്യ മേഖലയിൽ 15 സ്വാശ്രയ മെഡിക്കൽ കോളേജുകളും 2 സർക്കാർ സപോൺസേർഡ് സെൽ ഫിനാൻസിങ്ങ് മെഡിക്കൽ കോളേജുകളും ഉണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം ഉണ്ട്. 2007 മുതൽ 2011 വരെയുള്ള 5 വർഷക്കാലയളവിൽ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 1651 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത നേടിയപ്പോൾ 582 പേർക്ക് മാത്രമാണ് അഡ്മിഷൻ ലഭിച്ചത്. ഇപ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ അഡ്മിഷൻ ലഭിക്കാതെ പിന്തള്ളപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി

കൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനു വേണ്ടിയാണ് സർക്കാർ തലത്തിൽ തന്നെ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചത്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | സർക്കാരിൻെറ പട്ടികജാതി വികസന വകുപ്പിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാണ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നത്. ഇതിന് മറ്റ് ഏജൻസികളുടെ സഹകരണം ഇല്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ? | (ഡി) | 23.02.2013-ലെ സ.ഉ (എം.എസ്) നം.66/13/റവ പ്രകാരം പാലക്കാട് മെഡിക്കൽ കോളേജിനായി പാലക്കാട് ജില്ലയിൽ യാക്കര വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 50 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശം പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻറ് ആയി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഹോസ്പിറ്റൽ സർവ്വീസസ് ആൻ്റ് കൺസൾട്ടൻസി കോർപ്പറേഷൻ (ഇന്ത്യ) ലിമിറ്റഡ് എന്ന |

സ്ഥാപനത്തെ നിയമിച്ചിട്ടുണ്ട്. രൂപ രേഖയും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Reshmi KS

സെക്ഷൻ ഓഫീസർ.